## എറണാകുളം ജില്ലാ കളക്ടറുടെ നടപടിക്രമം
## (ഹാജർ : കെ.മുഹമ്മദ്.വൈ. സഫീറുള്ള, ഐ.എ.എസ്)

നം. സി2 -18079/17.

തീയതി : 29.12.2018

---

വിഷയം : പൊന്നുംവില നടപടി - അങ്കമാലി ശബരി റെയിൽവെ പദ്ധതി - ആലുവ താലൂക്കിലെ മറ്റൂർ വില്ലേജിൽ മറ്റൂർ - ചെങ്കൽ റെയിൽവെ അടിപ്പാലത്തിനു(Under passage) വേണ്ടി 406,407,412,413,423,424 എന്നീ സർവെ നമ്പറുകളിലായി 00.06 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നത് - സാമൂഹിക പ്രത്യാഘാത പഠനറിപ്പോർട്ട് - വിദഗ്ധ സമിതി റിപ്പോർട്ട് എന്നിവ സമുചിത ഗവൺമെന്റ് പരിശോധിച്ച് അംഗീകാരം നൽകി ഉത്തരവാകുന്നത് .- സംബന്ധിച്ച്.

**വായന**:- 1. ഗവണ്മെന്റ് ഉത്തരവ് (പി) നമ്പർ 377/2016/ആർ.ഡി. തീയതി: 29.6.16.
2. സതേൺ റെയിൽവെ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർII കൺസ്ട്രക്ഷൻ,എറണാകുളം സമർപ്പിച്ച 11.07.17 ലെ No.W271/CN/ERS/AFK-SAB/LA നമ്പർ അർത്ഥന
3. ജില്ലാ കളക്ടറുടെ 27.07.17 ലെ ഇതേ നമ്പർ നടപടിക്രമം.
4. ജില്ലാ കളക്ടറുടെ 07.06.2018 ലെ ഇതേ നമ്പർ നടപടിക്രമം.
5. 20.07.18 ൽ അംഗീകരിച്ച ഇതേ നമ്പർ Form 4 വിജ്ഞാപനം.
6. എസ്.ഐ.എ. യൂണിറ്റായ ഡീപോൾ എക്സ്റ്റൻഷൻ സർവ്വീസസ് (DES) അങ്കമാലി സൌത്ത് 10.11.2018 ൽ സമർപ്പിച്ച സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട്.
7. ജില്ലാ കളക്ടറുടെ 22.11.18 ലെ ഇതേ നമ്പർ നടപടിക്രമം.
8. വിദഗ്ദ സമിതി ചെയർമാനായ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) റെയിൽവേസ് പെരുമ്പാവൂർ സമർപ്പിച്ച 13.12.18 ലെ എ 2-197/18 നമ്പർവിദഗ്ദ സമിതി റിപ്പോർട്ട്.

. . . . . . .

അങ്കമാലി -ശബരിമല റെയിൽവേ പദ്ധതിയിൽ മറ്റൂർ - ചെങ്കൽ റെയിൽവെ അടിപ്പാലത്തിന് (Under Passage) വേണ്ടി ആലുവ താലൂക്കിലെ മറ്റൂർ വില്ലേജിൽ 406,407, 412,413, 423,424 എന്നീ സർവെ നമ്പറുകളിലായി 00.06 ഹെക്ടർ സ്ഥലം "*ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനു മുള്ള അവകാശനിയമം 2013 (* RFCTLARR Act 2013) " പ്രകാരം ഏറ്റെടുക്കുന്നതിനായി സതേൺ റെയിൽവെ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ-II, കൺസ്ട്രക്ഷൻ വായന (2) പ്രകാരം അർത്ഥനകളും, അനുബന്ധരേഖകളും സമർപ്പിച്ചിട്ടുള്ളതും, ടി.അർത്ഥന പ്രകാരമുള്ള പൊന്നുംവില നടപടികൾക്കായി ജില്ലാ കളക്ടർ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) റെയിൽവേസ്, പെരുമ്പാവൂരിനെ ലാന്റ് അക്വിസിഷൻ ഓഫീസറായി വായന (3), (4) എന്നീ നടപടി ക്രമങ്ങൾ പ്രകാരം നിയമിച്ചിട്ടുള്ളതുമാണ്. RFCTLARR Act 2013 വകുപ്പ് (4)പ്രകാരവും, "കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപ നത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ( KRFCTLARR Rules 2015) ചട്ടം 11 (3) " പ്രകാരവും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി, **ഡീപോൾ എക്സ്റ്റൻഷൻ സർവ്വീസസ് (DES) അങ്കമാലി സൌത്ത്** എന്ന എസ്.ഐ.എ.യൂണിറ്റിനെ വായന (5)പ്രകാരമുള്ള ഫോറം നമ്പർ -4 വിജ്ഞാപന പ്രകാരം ജില്ലാ കളക്ടർ നിയോഗിച്ചിട്ടുള്ളതാണ്. ടി. ഫോറം നമ്പർ-4 വിജ്ഞാപനം 03/08/2018 ലെ 2076-ാം നമ്പർ അസാധാരണ ഗസറ്റിലും ജില്ലാ കളക്ടറേറ്റ്, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസ്, താലൂക്ക് ഓഫീസ്, ബാധിക്കപ്പെട്ട പ്രദേശം എന്നിവിടങ്ങളിലും പ്രസിദ്ധപ്പെടുത്തി യിട്ടുണ്ട്.

സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം പൂർത്തിയാക്കിയശേഷം വായന (6)പ്രകാരമുള്ള പഠന റിപ്പോർട്ട് എസ്.ഐ.എ.യൂണിറ്റ് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. RFCRLARR Act 2013 സെക്ഷൻ 7 പ്രകാരം ടി.റിപ്പോർട്ട് വിലയിരുത്താനായി വായന (1) സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരമുള്ള ഒരു വിദഗ്ധ സമിതി ജില്ലാ കളക്ടർ വായന (7) നടപടിക്രമം പ്രകാരം രൂപീകരിക്കുകയും, ടി. വിദഗ്ദ്ധ സമിതി വായന (8)പ്രകാരമുള്ള അവലോകന റിപ്പോർട്ട് 13.12.18 ന് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.

സംസ്ഥാനത്തിന്റെ റെയിൽപ്പാത വികസനത്തിൽ പ്രധാന നാഴിക കല്ലായി മാറുന്ന അങ്കമാലി- ശബരി റെയിൽ പദ്ധതിയിൽ. മറ്റൂർ - ചെങ്കൽ റെയിൽവെ അടിപ്പാലം അനിവാര്യമാണെന്നും. ഏറ്റവും ചെലവ് കുറഞ്ഞതും അനുയോജ്യവുമായതുമായ സ്ഥലമാണ് മേൽ റെയിൽവെ അടിപ്പാലത്തിനായി കണ്ടെത്തിയിട്ടുള്ളതെന്നും.. സ്ഥലമെടുപ്പിലൂടെ ഉണ്ടാവുന്ന സാമൂഹ്യ പ്രത്യാഘാതം സമഗ്രമായ ഒരു പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതിലൂടെ പരിഹരിക്കാനാവുമെന്നും. അങ്കമാലി - ശബരി റെയിൽവെ പദ്ധതിയിൽ മേൽ പ്രസ്താവിച്ച റെയിൽവെ അടിപ്പാലം നിർമ്മിക്കുന്നത് മൂലം ഉണ്ടാവുന്ന നേട്ടങ്ങൾ സാമൂഹ്യചെലവിനേയും, പ്രതികൂല സാമൂഹ്യ പ്രത്യാഘാതത്തേയും അപേക്ഷിച്ച് വളരെ മൂല്യമുള്ളത് ആണെന്നും, മേൽ വസ്തുതകൾ പരിഗണിച്ച് മറ്റൂർ - ചെങ്കൽ റെയിൽവെ അടിപ്പാലം 2013 ലെ 30-ാം നമ്പർ ആക്ടിലെ വകുപ്പ് 2(1), ബി (i) എന്നിവ പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന്റെ നിർവ്വചനത്തിൽ വരുന്നതിനാൽ പൊതുജന താല്പര്യത്തെ മുൻനിർത്തി ഒഴിവാക്കാനാവാത്ത ആവശ്യമായി കണക്കാക്കി പദ്ധതി നടപ്പിലാക്കേണ്ടതാണെന്നും ആയതിനാൽ പൊന്നുംവില നടപടികൾ തുടരാവുന്നതുമാണെന്നുള്ള സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിലെ നിർദ്ദേശം അംഗീകരിച്ചുകൊണ്ട് പഠന റിപ്പോർട്ട് അംഗീകരിക്കാവുന്നതാണെന്ന് വിദഗ്ധ സമിതി ജില്ലാ കളക്ടർക്ക് ശുപാർശ ചെയ്തുകൊണ്ട് വായന (8) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വിദഗ്ധ സമിതിയുടെ റിപ്പോർട്ട് അംഗീകരിച്ച് കൊണ്ടും അങ്കമാലി ശബരി റെയിൽവെ പദ്ധതിയിൽ ആലുവ താലൂക്കിലെ മറ്റൂർ വില്ലേജിൽ 406,407,412,413,423,424 എന്നീ സർവെ നമ്പറുകളിലായി 00.06 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള പൊന്നുംവില നടപടിക്ക് RFCTLARR Act 2013 വകുപ്പ് 8(1), (2) എന്നിവ പ്രകാരം അംഗീകാരം നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. ഇതിനോടൊപ്പം തന്നെ ഈ ഉത്തരവിന്റെ പകർപ്പ് RFCTLARR Act 2013 വകുപ്പ് 8 (3) പ്രകാരവും, വിദഗ്ധ സമിതിയുടെ അവലോകന റിപ്പോർട്ട് KRFCTLARR Rules 2015 ചട്ടം(16) പ്രകാരവും ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും ലാന്റ് അക്വിസിഷൻ ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ (പൊന്നുംവില ) റെയിൽവേസ് പെരുമ്പാവൂർ -നെ ചുമതലപ്പെടുത്തുന്നു.

ഒപ്പ്
ജില്ലാ കളക്ടർ

ഉത്തരവിൻ പ്രകാരം

ഡെപ്യൂട്ടി കളക്ടർ(എൽ.എ)

സ്പെഷ്യൽ തഹസിൽദാർ (എൽ.എ) റെയിൽവേസ് പെരുമ്പാവൂർ